ഹദീസ്

കെ.പി ബഷീർ ഈരാറ്റുപേട്ട

# സമ്പാദ്യം സംശുദ്ധമാണോ?

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ: يَأْتِي عَلَى النَّاسِ زَمَانٌ
لاَ يُبَالِي الْمَرْءُ مَا أَخَذَ مِنْهُ، أَمِنَ الْحَلاَلِ أم من الْحَرَام

**അബൂഹുറയ്റയിൽനിന്ന്. നബി (സ) പറഞ്ഞു: ''ജനങ്ങൾക്ക് ഒരു കാലം വരാനിരിക്കുന്നു. അന്ന്, എങ്ങനെ സമ്പാദിച്ചു എന്ന് മനുഷ്യൻ നോക്കുകയില്ല. അതായത്, അനുവദനീയ മാർഗത്തിലൂടെയാണോ നിഷിദ്ധ മാർഗത്തിലൂടെയാണോ സമ്പാദിച്ചത് എന്ന്'' (ബുഖാരി).**

സമ്പത്ത് ഏറ്റവും വിശുദ്ധമായിരിക്കണമെന്ന് ഉണർത്തുകയാണ് ഈ നബിവചനം. അതെങ്ങനെയും സമ്പാദിക്കാമെന്ന ധാരണയാണ് അധിക പേർക്കുമുള്ളത്. നിങ്ങൾ ഇത്ര രൂപ തന്നാൽ മാസം തോറും ഇത്ര രൂപ ലാഭം നൽകാമെന്ന വ്യവസ്ഥയിൽ ലക്ഷങ്ങൾ കൊടുക്കുന്നു. ആദ്യമാദ്യം വ്യവസ്ഥ പാലിക്കപ്പെടുമ്പോൾ കൂടുതൽ തുക നൽകുന്നു. കൂടുതൽ നേടാമെന്ന വ്യാമോഹത്തിൽ ഒരു ദിവസം കേൾക്കുന്നു: പണം വാങ്ങിയവൻ മുങ്ങിയിരിക്കുന്നു! കൊടുത്തത് മുഴുവൻ നഷ്ടപ്പെടുന്നു.

സമ്പത്തിനോടുള്ള ആർത്തി കാരണം ഈ ലാഭം എവിടെ നിന്നാണ് ലഭിക്കുന്നത് എന്നു പോലും ചോദിക്കാൻ സമയമില്ല. ഇസ്‌ലാമിക പ്രവർത്തകർ പോലും ഇത്തരം കെണികളിൽ പെട്ടു പോകുന്നുവെന്നതാണ് ഏറെ ദുഃഖകരം. ധനം അനുവദനീയ മാർഗത്തിൽ സമ്പാദിച്ചതായിരിക്കണം. നിഷിദ്ധത്തിന്റെ ഒരംശം പോലും അതിലുണ്ടാവരുത് എന്ന നിർബന്ധ ബുദ്ധി വേണം. നബി (സ) ഒരാളെ ഉദാഹരിച്ചു കൊണ്ട് പറഞ്ഞു: ''പൊടി പുരണ്ട് മുടി ജഡകെട്ടി ദീർഘ യാത്രക്കാരനായ ഒരു യാത്രികൻ. അയാൾ പ്രാർഥനയിൽ മുഴുകിയിരിക്കുകയാണ്. അയാൾ കേഴുന്നു- എന്റെ രക്ഷിതാവേ, എന്റെ രക്ഷിതാവേ. കൈകൾ ആകാശത്തേക്ക് ഉയർത്തിയിരിക്കുന്നു. എന്താ ഈ മനുഷ്യന്റെ കാര്യം! അയാൾ കഴിക്കുന്നത് ഹറാമായ ഭക്ഷണമാണ്. അവന്റെ പാനീയം ഹറാമാണ്. അവൻ ധരിച്ചിരിക്കുന്ന വസ്ത്രവും ഹറാമാണ്. ഹറാം കൊണ്ട് ഊട്ടപ്പെട്ട ഒരു ജീവിതം. പിന്നെയെങ്ങനെയാണ് അവന്റെ പ്രാർഥനക്ക് ഉത്തരം ലഭിക്കുക.''

സ്വഹാബി വനിതകൾ ജോലിക്ക് പോകുന്ന തങ്ങളുടെ ഭർത്താക്കന്മാരോട് പറയാറുണ്ടായിരുന്നുവത്രെ: ഞങ്ങളുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണം. വിശപ്പ് ഞങ്ങൾ സഹിക്കാം. പക്ഷേ, നരകം സഹിക്കാനാവില്ല. മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: ''അനുവദനീയമായത് വ്യക്തമാണ്. നിഷിദ്ധമായതും വ്യക്തമാണ്. അവക്കിടയിൽ സംശയാസ്പദമായ ചിലതുണ്ട്. അധികമാളുകൾക്കും അതറിഞ്ഞുകൂടാ. ആകയാൽ സംശയാസ്പദമായ കാര്യങ്ങൾ വർജിക്കുന്നവർ അവരുടെ ദീനും അഭിമാനവും സംരക്ഷിച്ചിരിക്കുകയാണ്.''

കടയിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതിനിടെ ചെറിയ തെന്തെങ്കിലും എടുത്തു കഴിക്കുന്നത് പോലും ഉടമസ്ഥന്റെ അറിവോടും അനുവാദത്തോടുമാവണം. ആ സൂക്ഷ്മതയാണ് ജീവിത വിശുദ്ധിയുടെ ഏറ്റവും ഉദാത്ത മാതൃക.

ഒരിക്കൽ നബി(സ)യുടെ അനുചരന്മാർ ഒരു കപ്പ് പാൽ അവിടത്തേക്ക് സമ്മാനിച്ചു. അവിടുന്ന് ചോദിച്ചു: നിങ്ങൾക്ക് ഇത് എവിടെ നിന്ന് കിട്ടി? ഇന്ന ആടിൽനിന്ന് കറന്നെടുത്തതാണ്- അവർ പറഞ്ഞു. അവിടുന്ന് ചോദിച്ചു: എവിടെ നിന്നാണ് നിങ്ങൾക്ക് ആടിനെ ലഭിച്ചത്? അവർ: ഇന്ന സ്ഥലത്തു നിന്ന്. അപ്പോൾ നബി (സ) ആ പാൽ കുടിച്ചു. ശേഷം ഇപ്രകാരം പറഞ്ഞു: ഞങ്ങൾ പ്രവാചകന്മാരോട് ഇങ്ങനെ കൽപിക്കപ്പെട്ടിട്ടുണ്ട്- നല്ലതല്ലാത്തതൊന്നും തിന്നരുത്; സൽക്കർമങ്ങളല്ലാതൊന്നും പ്രവർത്തിക്കരുത്.

നമസ്കാരവും നോമ്പും മറ്റു ആരാധനകളും സ്വീകരിക്കപ്പെടണമെങ്കിൽ കഴിക്കുന്ന ഭക്ഷണവും ഉടുക്കുന്ന വസ്ത്രവും കുടിക്കുന്ന പാനീയവുമെല്ലാം നിഷിദ്ധങ്ങളിൽ നിന്ന് മുക്തമായിരിക്കണം.

നബി (സ) ഇങ്ങനെ മുന്നറിയിപ്പ് നൽകി: ''കുറ്റകരമായ രീതിയിൽ ഒരാൾ പണം സമ്പാദിക്കുകയും എന്നിട്ട് അത് ഉപയോഗിച്ച് കുടുംബബന്ധങ്ങൾ ചേർക്കുകയും ദാനധർമങ്ങൾ നടത്തുകയും ദൈവമാർഗത്തിൽ ചെലവഴിക്കുകയും ചെയ്താൽ പോലും അന്ത്യനാളിൽ അതെല്ലാം ഒരുമിച്ചുകൂട്ടി അയാളെ നരകത്തിൽ എറിയുന്നതായിരിക്കും.''

വരാൻ പോകുന്ന കാലത്തെക്കുറിച്ച് നബി (സ) പ്രകടിപ്പിച്ച ആശങ്കയും മറ്റൊന്നല്ല. അനുവദനീയമായതും നിഷിദ്ധമായതും വേർതിരിക്കാത്ത ഒരു കാലത്തെക്കുറിച്ചാണത്. അത്തരമൊരു കാലത്തല്ലേ നമ്മുടെ ജീവിതം എന്ന് തിരിച്ചറിഞ്ഞ് സൂക്ഷ്മത പാലിക്കുകയും വേണ്ട മുൻകരുതലെടുക്കുകയും ചെയ്യുക. ●

9747350570